**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2112

17/6/2014-ൽ
മറുപടിയ്ക്ക്

## ഖാദിവിപണനരംഗത്തെ നേട്ടങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.മുരളീധരൻ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ.റ്റി.എൻ.പ്രതാപൻ | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(ഖാദിഗ്രാമവ്യവസായവും സഹകരണവും വകുപ്പ് മന്ത്രി ) |
| (എ) ഖാദി ഉല്പന്ന വിപണന രംഗത്ത് (എ) എന്തെല്ലാം നേട്ടങ്ങൾ ഈ സർക്കാരിന്റെ കാലത്ത് കൈവരിച്ചിട്ടുണ്ട് ; | ഖാദി ഉല്പന്ന വിപണന രംഗത്ത് ഈ സർക്കാരിന്റെ കാലത്ത് കൈവരിച്ച നേട്ടങ്ങൾ താഴെ കൊടുക്കുന്നു.<br><br>1.വർഷം മുഴുവൻ ഖാദി തുണിത്തരങ്ങളുടെ ചില്ലറ വിൽപ്പനയ്ക്ക് 10% സർക്കാർ റിബേറ്റ് അനുവദിച്ചിട്ടുണ്ട്. നിലവിൽ സംസ്ഥാന സർക്കാർ നൽകി വരുന്ന 10% റിബേറ്റിന് പുറമേ ഉത്സവകാലങ്ങളിൽ ഖാദി തുണിത്തരങ്ങളുടെ ചില്ലറ വിൽപനയ്ക്ക് 10% റിബേറ്റ് കൂടി സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇതിനു പുറമേ 10% മാർക്കറ്റ് ഡവലപ്പ്മെന്റ് അസിസ്റ്റൻസ് കൂടി നൽകി വരുന്നു. അങ്ങനെ ഉത്സവകാലങ്ങളിൽ 30 % റിബേറ്റ് ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഇതു മൂലം ഖാദി വിപണന മേഖലയ്ക്ക് പുത്തൻ ഉണർവ് ഉണ്ടായിട്ടുണ്ട്.<br><br>2010-11 വർഷം107[illegible] ലക്ഷം രൂപയും 2011-12 വർഷം 867.06 ലക്ഷം രൂപയും 2012-13 വർഷം 1150 ലക്ഷം രൂപയും 2013-14 |

വർഷം 1500 ലക്ഷം രൂപയും റിബേറ്റിനത്തിൽ വകയിരുത്തി അനുവദിച്ചു. 2014-15 വർഷം ഒറിജിനൽ ബഡ്ജറ്റിൽ ഈ യിനത്തിൽ 660 ലക്ഷംരൂപ വകയിരുത്തിയിട്ടുണ്ട്.

2. കേരളത്തിലെ മുഴുവൻ സർക്കാർ ജീവനക്കാരോടും മറ്റ് ജനവിഭാഗങ്ങളോടും ആഴ്ചയിൽ രണ്ട് ദിവസം ഖാദി / കൈത്തറി ധരിക്കണമെന്നും വിദ്യാർത്ഥികൾ സ്കൂൾ യൂണിഫോമുകൾ ഖാദി /കൈത്തറിയാക്കണ മെന്നും അഭ്യർത്ഥിച്ചു. ഈ അഭ്യർത്ഥന യുടെ ഫലമായി ഖാദി വിൽപനയിൽ 20 ശതമാന ത്തോളം വർദ്ധനവുണ്ടായി.

3. ഖാദി വസ്ത്രങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഖാദി വിൽപന കേന്ദ്രങ്ങളും ഗോഡൗണുകളും കമ്പ്യൂട്ടർ വൽക്കരിക്കുകയും പ്രധാന വിൽപന കേന്ദ്രങ്ങൾ എയർ കണ്ടീഷൻ ചെയ്യുകയും ചെയ്തിട്ടുണ്ട് ഇതിലൂടെ പൊതു ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കാൻ കഴി ഞ്ഞിട്ടുണ്ട്.

4. സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിലൂടെ ഖാദി ഗ്രാമ വ്യവസായ ഉല്പന്നങ്ങൾ വിറ്റഴിക്കാൻ സാധിക്കുന്നുണ്ട്. ഇത് പരമ്പരാഗത ഖാദി നെയ്ത്ത് തൊഴിലാളികളുടെ തൊഴിൽദിനങ്ങൾ വർദ്ധിപ്പിക്കുന്നതിനും അവരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനും വളരെയധികം സഹായകരമാണ്.

5. നെയ്ത്ത് മേഖല ശക്തി പ്പെടുത്തുന്നതിന്റെ ഭാഗമായി

"റെഡിമെയ്ഡ് പാദി" നിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചു.

6. ഖാദി വസ്ത്രങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് നല്ല തരം Rovings/sliver വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചു.

7. ഖാദി ഗ്രാമ വ്യവസായ കമ്മീഷന്റെ സഹായത്തോടെ ഖാദി വസ്ത്രങ്ങളുടെ ഡിസൈൻ ആകർഷകമാക്കുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ആകർഷകമായ ബെഡ് ഷീറ്റുകൾ,പുതിയതരം ഡിസൈനുള്ള സിൽക്ക് തുണിത്തരങ്ങൾ, നല്ല ഡിസൈനുകളും ഗുണമേന്മയുമുള്ള ഷർട്ടിംഗ് തുണികൾ തുടങ്ങിയവ നെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

8. ഖാദി റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചു.നിലവിലുള്ളതിന്റെ പ്രവർത്തനം വിപുലമാക്കി.

9. വിദേശികളേയും മറ്റു സംസ്ഥാനക്കാരെയും ഉദ്ദേശിച്ചുകൊണ്ട് നെടുമ്പാശ്ശേരി അന്താരാഷ്ട്ര എയർപോർട്ടിൽ പുതിയ ഒരു ഖാദിഗ്രാമ സൗഭാഗ്യ ആരംഭിച്ചു.

10. ഖാദി തൊഴിലാളികൾക്ക് മിനിമം വേജസ് ഏർപ്പെടുത്തി ഖാദി തൊഴിലാളികളെ ഈ മേഖലയിൽ നിലനിർത്തി ഖാദി തുണിയുടെ ലഭ്യത വർദ്ധിപ്പിച്ചു.

(ബി) ഖാദി ഉല്പന്നങ്ങളുടെ വിൽപ്പനയിൽ നിന്നുള്ള വരുമാനമായി എത്ര കോടി രൂപ ലഭിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ഖാദി ബോർഡിന്റെ നേരിട്ടുള്ള വില്പന കേന്ദ്രങ്ങൾ വഴി 2011-1.. കാലയളവിൽ ലഭിച്ച വിൽപന വരുമാനം ചേർക്കുന്നു.

| വർഷം | ( രൂപ ലക്ഷത്തിൽ) |
| --- | --- |
| 2011-12 | 3137.21 |
| 2012-13 | 3464.19 |
| 2013-14 | 4090.02 |

(സി) എത്ര ശതമാനം വർദ്ധനയാണ് വിപണനരംഗത്ത് ഉണ്ടായത്; വിശദമാക്കുമോ ?

(സി) 2011-14 കാലയളവിൽ വിപണന രംഗത്ത് താഴെപ്പറയുന്ന വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| വർഷം | വർദ്ധന ശതമാനം |
| --- | --- |
| 2011-12 | 14.76% |
| 2012-13 | 10.42% |
| 2013-14 | 18.06% |

(ഡി) പ്രസ്തുത നേട്ടങ്ങൾ കൈവരിക്കാനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദാംശങ്ങൾ നൽകുമോ ?

(ഡി) വിശദമായ മറുപടി (എ) പിരിവിൽ വ്യക്തമാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ